(ഡി) എങ്കിൽ ഇതു പരിഹരിക്കാൻ എന്ത് പ്രായോഗിക നടപടി ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ ആന്റ് ബി) സംസ്ഥാനത്തെയും, പൊതുവെ നഗരങ്ങളിലെയും ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് റോഡുകൾ വീതികൂട്ടുക, വൺവേ സിസ്റ്റം ഏർപ്പെടുത്തുക ഫ്ലൈ ഓവറുകൾ നിർമ്മിക്കുക, ഫുട്പാത്തുകൾ നിർമ്മിക്കുക, റോഡ് കൈയ്യേറ്റങ്ങൾ അവസാനിപ്പിക്കുക തുടങ്ങിയ പല നടപടികളും സ്വീകരിക്കുന്നുണ്ട്.

(സി ആന്റ് ഡി) ഉണ്ട്. നഗരങ്ങളിൽ രാവിലെ ഉണ്ടാകുന്ന ഗതാഗതക്കുരുക്കിന് പല കാരണങ്ങൾ ഉണ്ട്. അതിലൊന്നുമാത്രമാണ് വിദ്യാലയങ്ങളുടേയും ഓഫീസുകളുടേയും പ്രവർത്തനം ഒരേ സമയത്ത് ആരംഭിക്കുന്നത്. ആയതിനാൽ ഇവയുടെ പ്രവർത്തന സമയം ക്രമീകരിക്കുക വഴി മാത്രം പ്രശ്നം പരിഹരിക്കപ്പെടുമെന്ന് സർക്കാർ കരുതുന്നില്ല. ഇക്കാര്യം പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുന്ന കാര്യം ആലോചിച്ചുവരുന്നു.

ഇന്ധനവിലയും യാത്രാനിരക്കും

80 [2852] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ധനവില കൂടുമ്പോൾ തന്നെ ബസ്സ് യാത്രാനിരക്കിൽ മാറ്റം വരുത്തുന്നതിനുള്ള ശുപാർശകൾ നൽകാൻ റഗുലേറ്ററി കമ്മിറ്റി രൂപീകരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) സ്റ്റേജ് കാര്യേജുകളിലെ യാത്രാനിരക്ക് കാലാനുഗതമായി പുതുക്കി നിശ്ചയിക്കുന്നതിനുള്ള ഫോർമുല നിശ്ചയിക്കുന്നതിനായി റിട്ടയേർഡ് ചീഫ് സെക്രട്ടറി ശ്രീ. കെ. വി. രബീന്ദ്രൻ നായർ ഐ.എ.എസ്സിനെ ഏകാംഗ കമ്മീഷനായി നിയമിക്കുകയുണ്ടായി. ഈ കമ്മീഷന്റെ റിപ്പോർട്ട് സർക്കാർ അംഗീകരിച്ചു. സ്റ്റേജ് കാര്യേജുകളുടെ പ്രവർത്തന ചെലവിനെ സംബന്ധിച്ച വില സൂചികയിലുണ്ടാകുന്ന (Price Index for stage Carriage Operation—(PISCO) വർദ്ധനയ്ക്ക് ആനുപാതികമായി യാത്രാ നിരക്ക് വർദ്ധിപ്പിയ്ക്കുന്നതിന് ശുപാർശ ചെയ്തിരുന്നു. ഇത് സർക്കാർ അംഗീകരിക്കുകയും, നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാറ്റുപാക്ക്) നെ സ്റ്റേജ് കാര്യേജ് ഓപ്പറേഷനുള്ള വിലസൂചിക (പിസ്കോ) കണക്കാക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി

LIBRARY ARCHIVES Kerala Legislative Assembly

ചുമതലപ്പെടുത്തുകയും ചെയ്തു. കൂടാതെ ബസ്സുടമകൾ സമർപ്പിക്കുന്ന ത്രൈമാസ റിട്ടേണുകളും ചാർജ്ജു നിർണ്ണയത്തിന് പരിഗണിക്കുന്നുണ്ട്. ഇതിനു പുറമെ മറ്റൊരു സംവിധാനത്തെക്കുറിച്ച് ആലോചനയില്ല.

വാഹനങ്ങളുടെ രജിസ്ട്രേഷൻ

81 [2853] ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾക്ക് നിയമപ്രകാരമുള്ള കാലയളവ് നിശ്ചയിച്ചിട്ടുള്ളത് എത്ര വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട നാറ്റ്പാക്കിന്റെ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) പഴക്കം ചെന്ന വാഹനങ്ങൾ നിരുത്സാഹപ്പെടുത്താൻ വാഹന നികുതിയിൽ സർചാർജ്ജ് ഏർപ്പെടുത്താൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) സംസ്ഥാനത്ത് കഴിഞ്ഞ 10 വർഷത്തിനിടയിൽ ഏതെല്ലാം ഇനത്തിലുള്ള എത്ര വാഹനങ്ങൾ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വർഷം തിരിച്ച് കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 15 വർഷം.

(ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ഡി) രജിസ്റ്റർ ചെയ്ത വാഹനങ്ങളെ സംബന്ധിച്ച കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങൾ

82 [2854] ശ്രീ. മഞ്ഞളാംകുഴി അലി :
,, എ. കെ. ബാലൻ :
,, വി. കെ. സി. മമ്മത്കോയ :
,, സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ 'അതി സുരക്ഷാ നമ്പർ പ്ലേറ്റ്' പതിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly